(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നീതി സ്റ്റോറുകളുടെ പ്രവർത്തനം സജീവമാക്കുന്നതിന് നടപടി

*4 [359] ശ്രീ. എം. വി. ജയരാജൻ:
„ കോടിയേരി ബാലകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ നീതിസ്റ്റോറുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ നീതി സ്റ്റോറുകൾക്ക് കഴിയുന്നുണ്ടോ;

(സി) സാധനങ്ങളുടെ വാങ്ങലിന്റേയും സംഭരണത്തിന്റേയും ചുമതല നൽകിയിട്ടുള്ളത് ഏത് സ്ഥാപനത്തിനാണ്;

(ഡി) നീതിസ്റ്റോർ സ്കീം നടപ്പിലാക്കിയതിന് ശേഷം ഇതേവരെ സംസ്ഥാനത്ത് മൊത്തം എത്ര നീതി സ്റ്റോറുകൾ ആരംഭിക്കുകയുണ്ടായി; ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(ഇ) നീതി സ്റ്റോറുകളുടെ പ്രവർത്തനം സജീവമാക്കുന്നതിനും വ്യാപകമാക്കുന്നതിനും സർക്കാർ തയ്യാറാവുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ.

(ഡി) സംസ്ഥാനത്ത് മൊത്തം 1043 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 832 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly